**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - മണിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ. 641 ന് അനുവദിച്ച എൻ.സി.ഡി.സി. ധനസഹായം ഡി - സാങ്ഷൻ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.283/2025/Co-Op  തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-

1. എൻ.സി.ഡി.സി റീജിയണൽ ഡയറക്ടറുടെ 30/03/2027 ലെ NCDC:59- 5/2017(TVM)371/SA60275/1201 നം. കത്ത് .
2. സ.ഉ.(സാധാ)നം.509/2017/സഹ തീയതി 21/09/2017
3. സഹകരണ സംഘം രജിസ്ട്രാറുടെ 22/09/2022, 22/06/2023 എന്നീ തീയതികളിലെ പി&എം.എ(3)7257/2022 നം.കത്തുകൾ

**<u>ഉത്തരവ്</u>**

മണിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ.641 ന് പൊന്തൻപ്പുഴ ശാഖാനിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യവികസനത്തിനുമുള്ള എൻ.സി.ഡി.സി. ധനസഹായമായി 61.35 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം നാഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (എൻ.സി.ഡി.സി.) യുടെ അനുമതി ലഭിക്കുകയും തുടർന്ന്, പരാമർശം (2) പ്രകാരം ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 22.155 ലക്ഷം രൂപ (ഓഹരി - 13.635 ലക്ഷം രൂപ, വായ്പ – 8.52 ലക്ഷം രൂപ) അനുവദിക്കുന്നതിന് റിലീസ് അനുമതി നൽകിയിരുന്നു. എന്നാൽ ബാങ്ക്, തുക പിൻവലിക്കുന്നതിനുള്ള ക്രമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ ടി തുക ബാങ്കിന് അനുവദിച്ച് നൽകിയിരുന്നില്ല. സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിലവിലുണ്ടായിരുന്ന STSB 701011400000172 നം. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന ടി തുക 31/03/2018 ൽ സർക്കാർ റെസ്യൂം ചെയ്തിരുന്നു.

**2.** മണിമല സർവ്വീസ് സഹകരണ ബാങ്കിന്റെ പൊന്തൻപ്പുഴ ബ്രാഞ്ച് കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപത്ത് കൂടി കടന്ന് പോകുന്ന പുനലൂർ - മൂവാറ്റുപുഴ ഹൈവേയുടെ മൂന്നാംഘട്ട പണി നടക്കുന്നതിനാൽ നിലവിൽ എൻ.സി.ഡി.സി. അംഗീകരിച്ച പ്രോജക്ടിലെ പ്ലാൻ അനുസരിച്ച് കെട്ടിടം പണിയുമ്പോൾ ഉണ്ടാവുന്ന വ്യതിയാനങ്ങൾ കണക്കിലെടുത്തും, നഷ്ടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടിയും എൻ.സി.ഡി.സി. യിൽ നിന്നും അനുമതി ലഭിച്ച തുക ഇപ്പോൾ ആവശ്യമില്ലാത്തതിനാൽ അനുമതി ലഭിച്ച ധനസഹായം ഡീ-സാങ്ഷൻ ചെയ്യുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ മണിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. കെ. 641 ന് എൻ.സി.ഡി.സി. ധനസഹായമായി അനുമതി ലഭിച്ചിരുന്ന 61.35 ലക്ഷം രൂപ ധനസഹായം ഡി - സാങ്ഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മണിമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. കെ. 641 ന് പൊന്തൻപ്പുഴ ശാഖാനിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യവികസനത്തിനുള്ള എൻ.സി.ഡി.സി. ധനസഹായമായി പരാമർശം (1) പ്രകാരം അനുമതി ലഭിച്ച 61.35 ലക്ഷം രൂപ ഡി - സാങ്ഷൻ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/133/2017/ധന)

വെബ് & ന്യൂ മീഡിയ/കരുതൽ ഫയൽ(ബി3/347/2022/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 12-06-2025 16:45:41

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സ്ഥഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.